(1)	(2)	(3)	(4)	(5)
16.	പെരുവയൽ	പെരുവയൽ പഞ്ചായത്തിൽ ചെട്ടികടവ് പാലത്തിന്റെ മുകൾഭാഗം ചാലിപ്പാടം എൽ. ഐ. സ്കീമിന്റെ ഇൻടേക്കിന്റെ അടുത്ത് ചെറുപുഴയുടെ വലതുകര സംരക്ഷണം	12.0 ലക്ഷം	

8 മുതൽ 16 വരെ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

ചാലിയാർ നദീതട പദ്ധതി

80 [537] ശ്രീ. കെ. സി. ജോസഫ്:
,, ടി. യു. രാധാകൃഷ്ണൻ:
,, എം. എ. വാഹീദ്:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലിയാർ നദീതട പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്ത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നദിയിൽ ഒരു വൻകിട പദ്ധതിയാണോ അതോ ഏതാനും ചെറുകിട പദ്ധതികളാണോ ആരംഭിക്കുന്നത്, അത് സംബന്ധിച്ച് വിശദാംശം നൽകുമോ;

(സി) ഈ പദ്ധതികളുടെ പണി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചാലിയാർ നദീതട പദ്ധതിയുടെ പര്യവേഷണ ജോലികൾ ഇപ്പോൾ നടന്നുവരുന്നു.

(ബി) ചാലിയാർ നദിയിൽ ചെറുകിട പദ്ധതികൾ ആരംഭിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ ഏഴ് പദ്ധതികളുടെ പര്യവേഷണമാണ് നടക്കുന്നത്.

മേൽപറഞ്ഞ ഏഴ് പദ്ധതികൾ ഇവയാണ്:

1. ചാലിയാറിന് കുറുകെ പൂക്കോട്ട് മനയിൽ ചുങ്കത്തറ പഞ്ചായത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ്.
2. ചാലിയാർ പഞ്ചായത്തിൽ മൂലപ്പാടത്ത് കുറുവൻ പുഴയ്ക്ക് കുറുകെ തടയണ.
3. അമരമ്പല പഞ്ചായത്തിൽ പൊട്ടിക്കല്ലുവിൽ കോട്ടപുഴയ്ക്ക് കുറുകെ തടയണ.
4. പോട്ടുകൽ പഞ്ചായത്തിൽ മാലകത്ത് ചാലിയാറിന് കുറുകെ പൊക്കം കുറഞ്ഞ അണക്കെട്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. മാമ്പാട് പഞ്ചായത്തിൽ ഒടൈക്കല്ലിൽ ചാലിയാറിന് കുറുകെ റെഗുലേറ്റർ-കം-ബ്രിഡ്ജ്.

6. നിലമ്പൂർ പഞ്ചായത്തിൽ കരിമ്പുഴ പാലത്തിന് സമീപം കരിമ്പുഴയ്ക്ക് കുറുകെ ചീർപ്പ്.

7. വഴിക്കടവ് പഞ്ചായത്തിൽ പുഞ്ചകൊല്ലിയിൽ പുന്നപ്പുഴയ്ക്ക് കുറുകെ പൊക്കം കുറഞ്ഞ അണക്കെട്ട്.

(സി) ഈ പദ്ധതികളുടെ നിർമ്മാണം പര്യവേഷണം പൂർത്തിയാക്കി അംഗീകാരം ലഭിച്ചശേഷം ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ആരംഭിക്കുന്നതാണ്.

പലകപ്പാണ്ടി പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി

81 [538] ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പലകപ്പാണ്ടി പദ്ധതിയുടെ പണിക്കുവേണ്ടി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിലെ അംഗങ്ങൾ ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഈ സമിതി എന്നെല്ലാം കൂടി; എന്തെല്ലാം തീരുമാനങ്ങളെടുത്തു;

(സി) ഈ തീരുമാനങ്ങളെല്ലാം നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കമ്മിറ്റിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. പ്രിൻസിപ്പൽ സെക്രട്ടറി-ജലവിഭവ വകുപ്പ് (കൺവീനർ)
2. പ്രിൻസിപ്പൽ സെക്രട്ടറി-റവന്യൂ വകുപ്പ്
3. പ്രിൻസിപ്പൽ സെക്രട്ടറി-ധനകാര്യ വകുപ്പ്
4. പ്രിൻസിപ്പൽ സെക്രട്ടറി-വനവും വന്യജീവിയും വകുപ്പ്

ഈ സമിതി 13-12-2004, 9-3-2005, 6-6-2005, 10-8-2005, 7-2-2006 എന്നീ തീയതികളിൽ കൂടിയിട്ടുണ്ട്.

പലകപ്പാണ്ടി പദ്ധതിയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കൽ, വനം വകുപ്പിൽ നിന്നും ആശ്യമായ ഭൂമി ലഭ്യമാക്കൽ, പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് ലഭ്യമാക്കൽ എന്നീ കാര്യങ്ങൾ വേഗത്തിൽ നടപ്പാക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ സമിതി കൈക്കൊള്ളുകയുണ്ടായി.

(സി) ഒരു വ്യക്തിയുടേതൊഴിച്ച് പദ്ധതിയ്ക്കാവശ്യമുള്ള സ്വകാര്യ ഭൂമി മുഴുവൻ ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ട്. വനം വകുപ്പിൽ നിന്നും പദ്ധതിയ്ക്കാവശ്യമായ വനഭൂമി അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. കണ്ടിജൻസി ഫണ്ടിൽ നിന്നും 42 ലക്ഷം രൂപ ഈ പദ്ധതിയ്ക്കായി ലഭ്യമാക്കിക്കഴിഞ്ഞു. പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly